DESPATCHED
On. 22/9/22



സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 1115(3)/2021 *എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.9230/*എസ്.ഐ.സി-ജി 1/2021*)

സന്നിഹിതൻ

**എ. അബ്ദുൽ ഹക്കീം, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

തീയതി : 22.09.2022

ശ്രീ. വിശാഖ് കെ.,
T.C. 7/47-2,
നക്ഷത്ര, ആട്ടറത്തല ലൈൻ,
കല്ലംപള്ളി, മെഡിക്കൽകോളേജ് പി.ഒ,
തിരുവനന്തപുരം – 695 011 } അപ്പീൽ ഹർജിക്കാരൻ

Vs.

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   അണ്ടർ സെക്രട്ടറി,
   ഉന്നത വിദ്യാഭ്യാസ (എ) വകുപ്പ്,
   സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
2. അപ്പീൽ അധികാരി &
   അഡീഷണൽ സെക്രട്ടറി,
   ഉന്നത വിദ്യാഭ്യാസ (എ) വകുപ്പ്,
   സെക്രട്ടേറിയറ്റ്, തിരുവനന്തപുരം. } എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 22/06/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 07/07/2021 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 13/07/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 04/08/2021 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 13/08/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 13/08/2021 |

## ഉത്തരവ്

സർക്കാരിന്റെ വിവിധ സ്ഥാപനങ്ങളിലെ ലൈബ്രേറിയന്മാരുടെ യോഗ്യതയുടെ വിവരങ്ങൾ തേടി സെക്രട്ടേറിയറ്റിലെ ഉന്നത വിദ്യാഭ്യാസ (എ) വകുപ്പിന് നൽകിയ അപേക്ഷയ്ക്ക് ലഭിച്ച മറുപടികളിന്മേലുള്ള ഈ രണ്ടാം അപ്പീലിന്മേൽ 15.09.2022 ന് കമ്മീഷൻ ആസ്ഥാനത്ത് ഹിയറിംഗ് നടത്തി.

അപേക്ഷകൻ ഹാജരായില്ല പകരം ടിയാന്റെ പ്രതിനിധിയായി അരുൺ ആർ എന്നവരും ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ അണ്ടർ സെക്രട്ടറിയും എസ്.പി.ഐ.ഒ യും ആയ ശ്രീമതി. പി.എസ്. ശ്രീദേവി എന്നവരും ഹാജരായി. 24 സർക്കാർ വകുപ്പുകളിലും 190 കോളേജുകളിലുമായാണ് കോമൺ പൂളിലെ ലൈബ്രേറിയന്മാരെ വിന്യസിച്ചിട്ടുള്ളത്. അതിൽ മുൻകാല സർവ്വീസ് ഉള്ളവർ, പുതുതായി സർവ്വീസ് ആരംഭിച്ചവർ എന്നീ രണ്ട് വിഭാഗങ്ങൾ ഉണ്ട്. അവരിൽപെട്ട എല്ലാവരിൽ നിന്നും അപേക്ഷ ആവശ്യപ്പെട്ട് വിവരങ്ങൾ ക്രോഡികരിച്ച് നൽകാൻ ശ്രമിക്കുകയാണെന്ന് വ്യക്തമാക്കുന്ന വിശദമായ പ്രസ്താവന ഉന്നത വിദ്യാഭ്യാസ വകുപ്പ് ഹാജരാക്കിയിട്ടുണ്ട്. ജീവനക്കാരുടെ ഓപ്ഷന്റെ അടിസ്ഥാനത്തിൽ കൈക്കൊള്ളാവുന്നതും ഓരോ വ്യക്തിക്കും വ്യത്യസ്തമായ ഓപ്ഷനുകൾ നൽകുന്നതുമായ കാര്യമായതിനാൽ ഒരു പൊതു സ്വഭാവത്തിൽ മറുപടി നൽകാൻ കഴിയില്ലെന്ന എസ്.പി.ഐ.ഒ യുടെ അഭിപ്രായത്തിൽ കാര്യമുണ്ടെന്ന് കമ്മീഷന് ബോധ്യമാകുന്നു. അതേസമയം വകുപ്പിനേയും സ്ഥാപനങ്ങളേയും കോളേജുകളേയും ബന്ധിപ്പിച്ചുള്ള കമ്പ്യൂട്ടർ ശൃംഖലയിലൂടെയോ മറ്റു വിധത്തിലോ ഒരു നിർദ്ദേശം നൽകി, പറയപ്പെട്ട വിവരങ്ങൾ ശേഖരിച്ച് നൽകാൻ വകുപ്പിന് കഴിയേണ്ടതാണ്. അപ്രകാരം അപേക്ഷകൻ ആവശ്യപ്പെട്ട വിവരങ്ങൾ 2022 ഒക്ടോബർ 31 നകം ലഭ്യമാക്കി കൈപ്പറ്റ് രസീതിന്റെ പകർപ്പ് ഈ കമ്മീഷനിൽ ഹാജരാക്കുവാൻ എസ്.പി.ഐ.ഒ ക്ക് നിർദ്ദേശം നൽകുന്നു.

3. മേൽ പ്രസ്താവിച്ച പ്രകാരം, ഈ അപ്പീൽ ഹർജി കമ്മീഷൻ ഇന്നേ ദിവസം (2022 സെപ്റ്റംബർ മാസം 22-ാം തീയതി) തീർപ്പാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**എ. അബ്ദുൽ ഹക്കീം**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി**

vkm

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM